LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ജലസേചന പദ്ധതിയനുസരിച്ച് മുഡാക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക.

1193. [1807] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതിയനുസരിച്ച് കിളിമാനൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മുഡാക്കൽ പഞ്ചായത്തിൽ 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതിപ്രകാരം എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്കു ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5.40 ലക്ഷം രൂപ.

(ബി) ഇതിന്റെ പ്രയോജനം 14.50 ഹെക്ടർ സ്ഥലത്ത് ലഭ്യമാകുന്നു. പ്രയോജനപ്പെടുന്ന ആളുകളുടെ എണ്ണം തിട്ടപ്പെടുത്താറില്ല.

ചെറുകിട ജലസേചന പദ്ധതി അനുസരിച്ചു പള്ളിക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1199. [1808] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതിയനുസരിച്ചു കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കൽ പഞ്ചായത്തിൽ 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതികൾക്കായി എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്കു ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6.41 ലക്ഷം രൂപ.

(ബി) ഇതിന്റെ പ്രയോജനം 34.90 ഹെക്ടർ സ്ഥലത്ത് ലഭ്യമാകുന്നു. പ്രയോജനപ്പെടുന്ന ആളുകളുടെ എണ്ണം തിട്ടപ്പെടുത്താറില്ല.

ചെറുകിട ജലസേചന പദ്ധതി അനുസരിച്ച് നഗരൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1200. [1809] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതിയനുസരിച്ചു കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നഗരൂർ പഞ്ചായത്തിൽ 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതി പ്രകാരം എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്കു ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16.28 ലക്ഷം രൂപ.

(ബി) ഇതിന്റെ പ്രയോജനം 76.90 ഹെക്ടർ സ്ഥലത്ത് ലഭ്യമാകുന്നു. പ്രയോജനപ്പെടുന്ന ആളുകളുടെ എണ്ണം തിട്ടപ്പെടുത്താറില്ല.

ചെറുകിട ജലസേചന പദ്ധതിയനുസരിച്ച് കരവാരം പഞ്ചായത്തിൽ ചെലവഴിച്ച തുക

1201. [1810] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതി പ്രകാരം 1982 എപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട കരവാരം പഞ്ചായത്തിൽ വിവിധ പദ്ധതികൾക്കായി എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്കു ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3.59 ലക്ഷം രൂപ.

(ബി) ഇതിന്റെ പ്രയോജനം 45.70 ഹെക്ടർ സ്ഥലത്ത് ലഭ്യമാകുന്നു. പ്രയോജനപ്പെടുന്ന ആളുകളുടെ എണ്ണം തിട്ടപ്പെടുത്താറില്ല.

ചെറുകിട ജലസേചന പദ്ധതി അനുസരിച്ച് കിളിമാനൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1202. [1811] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതിയനുസരിച്ചു കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ പഞ്ചായത്തിൽ 1982 എപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ വിവിധ പദ്ധതികൾക്കായി എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്ര പേർക്കു ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1.615 ലക്ഷം രൂപ.

(ബി) ഇവിടെ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പണികളെ ചെയ്തിട്ടുള്ളൂ. അതുകൊണ്ട് പ്രയോജനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണമോ ആളുകളുടെ എണ്ണമോ തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly